# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 230** **28.11.2018-ൽ മറുപടിക്ക്**

<u>ട്രോമാകെയർ യൂണിറ്റ്</u>

| **<u>ചോദ്യം</u>**<br>**ശ്രീ.പി.കെ.ശശി** | **<u>മറുപടി</u>**<br>**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|
| പാലക്കാട് ജില്ലാ ആശുപത്രിയിൽ ട്രോമ (trauma) കെയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ? | **<u>ലെവൽ 1</u>** ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്നതിനായി പാലക്കാട് ജില്ലാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും അത്യാഹിത വിഭാഗം നവീകരിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി 1.5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>**<u>ലെവൽ 2</u>** ട്രോമാകെയറിനായി 2014-15 സാമ്പത്തിക വർഷത്തിൽ 30 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പ് മുഖേന സിവിൽ ഇലക്ട്രിക്കൽ വർക്കിനായി ഡെപ്പോസിറ്റ് പ്രവൃത്തിയായി നൽകി അത്യാഹിത വിഭാഗത്തിനോട് ചേർന്ന് വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി ഇലക്ട്രിക്കൽ പ്രവൃത്തികൾക്കും ഉപകരണങ്ങൾക്കുമായി 3.6 ലക്ഷം, 2 ലക്ഷം എന്നിങ്ങനെ അനുവദിച്ചിട്ടുണ്ട്. ആർ.എസ്.ബി.വൈ. ഫണ്ടിൽ നിന്നും 8 ലക്ഷം രൂപ ഉപകരണങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് പ്രത്യേക ഒബ്സർവേഷൻ റൂം സജ്ജീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഉൾപ്പെടുത്തി പണി പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിക്കാനുള്ളത്. കൂടാതെ എം.പി.ഫണ്ടിൽ നിന്നും ട്രോമാകെയറിൽ സ്ഥാപിക്കേണ്ട ഉപകരണങ്ങൾക്കായി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 13,09,363/- രൂപയുടെ മെഡിക്കൽ എക്യുപ്മെന്റ്സ് സൗജന്യമായി ട്രോമാകെയറിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br><br>**<u>ലെവൽ 3</u>** ട്രോമാകെയറിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 44,67,743/- രൂപയുടെ മെഡിക്കൽ എക്യുപ്മെന്റ്സ് നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| | | കൂടാതെ 2018-19 സാമ്പത്തിക വർഷത്തിലെ ആരോഗ്യ വകുപ്പിന്റെ **'സ്ട്രെംഗ്ത്തനിംഗ് ഓഫ് എമർജൻസി മെഡിക്കൽ കെയർ'** എന്ന പദ്ധതി പ്രകാരം പാലക്കാട് ജില്ലാ ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**